**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1264** **12-02-2025 - ൽ മറുപടിയ്ക്ക്**

**കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2018-ൽ 24.46 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭിച്ചതും ജി.എസ്.ടി. പ്രശ്നത്താൽ കഴിഞ്ഞ ഒന്നര വർഷമായി നിർമ്മാണം നിലച്ചിരിക്കുന്നതുമായ വൈപ്പിൻ മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ പ്രവൃത്തി 2023 മെയ് മുതൽ കരാറുകാരൻ നിർത്തി വെച്ചിരിക്കുകയാണ്. GST reimbursement ലഭിക്കുന്നതിനായി കരാറുകാരൻ WP(C) 30571/2023 പ്രകാരം ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് 12.03.2024 തീയതിയിലെ വിധി പ്രകാരം GSTവിഷയം സംബന്ധിച്ച്, ഹർജിക്കാരനെ കേൾക്കാനുള്ള അവസരം നൽകികൊണ്ട്, രണ്ട് മാസത്തിനുള്ളിൽ ഈ വിഷയം തീർപ്പാക്കുന്നതിനും, തുകക്ക് അപേക്ഷകന് അർഹതയുള്ളതായി കണ്ടെത്തുന്ന പക്ഷം പിന്നീടുള്ള രണ്ട് മാസത്തിനുള്ളിൽ അത് നൽകുന്നതിനും കോടതി ഉത്തരവായിട്ടുണ്ട്. ഇതേ തുടർന്ന് 09.05.2024 തീയതിയിൽ കരാറുകാരനെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ഹിയറിംഗ് നടത്തിയിട്ടുള്ള തുമാണ്. GO(P)No.2/2018/PWD തീയതി 27.01.2018 പ്രകാരം ബ്രിഡ്ജ് വർക്കിന് ജി.എസ്.ടി കോമ്പൻസേഷൻ അനുവദനീയമല്ല. 28.11.2024 തീയതിയിലെ കത്ത് നമ്പർ ഡി1/60/2024/പൊ.മ.വ മുഖാന്തരം ജി.എസ്.ടി നിയമം നിലവിൽ വരുന്നതിന് മുൻപ് ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ GST Compensation അനുവദിക്കാൻ സാധിക്കുകയില്ലെന്ന് വ്യക്തമായതിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതിനാൽ എത്രയും വേഗത്തിൽ പ്രവൃത്തി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നിരവധി തവണ കരാറുകാരന് കത്ത് നൽകിയിട്ടുള്ളതാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുള്ള SIAപഠനം നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലുകളിൽ ജി.എസ്.ടി. പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പുനരാരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കോൺവെന്റ് ബീച്ച് പാലത്തിന്റെ GSTവിഷയവുമായി ബന്ധപ്പെട്ട് ഡി1/60/2024/ പൊ.മ.വ നമ്പർ ഫയൽ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. പ്രസ്തുത പ്രവൃത്തി വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ